## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം
## അപകടത്തിൽ പരിക്കേറ്റയാൾക്ക് തസ്തികമാറ്റം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5092 27/6/2019-ൽ മറുപടിക്ക്**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി** |

| | | | |
|---|---|---|---|
| (എ) | പോലീസ് കോൺസ്റ്റബിൾ ആയിരിക്കെ അപകടത്തിൽപ്പെട്ട് ഗുരുതരമായി പരിക്ക് പറ്റിയ അശോകൻ (സി.പി.ഒ.ജി. 811) തസ്തികമാറ്റം അനുവദിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ)<br>&<br>(ബി) | തസ്തികമാറ്റം അനുവദിക്കണം എന്നാവശ്യപ്പെട്ട് ശ്രീ. അശോകൻ സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിക്കുകയും ടിയാന് ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തിരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം നടക്കുന്ന തസ്തികയിലെ ഒഴിവ് മറ്റ് രീതിയിൽ നികത്തുന്നത് ചട്ട വിരുദ്ധമായതിനാൽ പോലീസ് വകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർ ന്യൂമററി ആയി ക്ലർക്ക് തസ്തിക സൃഷ്ടിച്ച് ശ്രീ അശോകന് നിയമനം നൽകാവുന്നതാണെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. അശോകന് നിയമനം നൽകുന്നതിനായി പോലീസ് വകുപ്പിൽ ഒരു ക്ലർക്ക് തസ്തിക കണ്ടെത്താൻ കഴിയുമോ എന്ന് അറിയിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി കാര്യത്തിലെ മറുപടി ലഭ്യമായശേഷം ഇക്കാര്യത്തിൽ ഉചിതമായ നടപടി അനുവർത്തിക്കുന്നതാണ്. |
| (ബി) | ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലുള്ള എ 4/13/2017/ഹോം നമ്പർ ഫയലിൽ എത്രയും വേഗം നടപടി സ്വീകരിക്കുന്നത് പരിഗണിക്കുമോ; | | |
| (സി) | സമാന വിഷയത്തിൽ മുൻകാലങ്ങളിൽ ആഭ്യന്തരവകുപ്പ് തസ്തികമാറ്റം അനുവദിച്ചിട്ടുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ